## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതി - തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകൾ ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത് - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 2791/13/തസ്വഭവ തിരുവനന്തപുരം, തീയതി: 13.11.2013.

==========================================================================

പരാമർശം:-1) 04.01.2013-ലെ സ.ഉ(സാധാ)നം.31/13/തസ്വഭവ.

2) 28.01.2013-ലെ സ.ഉ (സാധാ)നം.219/13/തസ്വഭവ.

3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഹഡ്കോ റീജിയണൽ ഓഫീസ്, തിരുവനന്തപുരത്തിന്റെ 04.10.2013-ലെ HUDCO/TRO/AGP-13/2013-14/1050 നമ്പർ കത്ത്.

4) തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ 08.10.2013-ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

### <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് തിരിച്ചടവാക്കാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വളരെ കുറച്ച് തുക മാത്രമേ ലഭ്യമായുള്ളൂവെന്നും, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള തുക ഇനിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടയ്ക്കാനുണ്ടെന്നും പരാമർശം (4) പ്രകാരം ഹഡ്കോ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു.

2) പ്രസ്തുത വിഷയത്തിൽ പരാമർശം (4) പ്രകാരമുള്ള യോഗത്തിൽ കുടിശ്ശിക തുക ഒടുക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) വൻ തുക കുടിശ്ശിക വരുത്തിയിട്ടുള്ള മറ്റത്തൂർ, കോടശ്ശേരി, തൃക്കൂർ, മുണ്ടത്തിക്കോട്, കുഴൂർ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകൾ മുഴുവൻ തുകയും അടച്ചു തീർക്കാനുള്ള പരിശ്രമം നടത്തേണ്ടതാണ്. ഗുണഭോക്തൃ വിഹിതമായി 15000/- രൂപ അടച്ചാൽ ഭവന ഡോക്കുമെന്റുകൾ നൽകാൻ തയ്യാറാണെന്ന വിവരം പഞ്ചായത്തുകൾ ഗുണഭോക്താക്കളെ അറിയിച്ചുകൊണ്ട് ഈ തുക സമാഹരിയ്ക്കാൻ പരിശ്രമം നടത്തേണ്ടതാണ്. ഇവയിൽ മറ്റത്തൂർ ഒഴികെയുള്ള മറ്റ് 4 ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ കുടിശ്ശികയിൽ 25 ലക്ഷം രൂപ അടിയന്തിരമായി അടച്ചു തീർക്കേണ്ടതാണ്.

2) അനുബന്ധം ലിസ്റ്റിലെ 6 മുതൽ 21 വരെയുള്ള ഗ്രാമപഞ്ചായത്തുകളുടെ കുടിശ്ശിക പഞ്ചായത്ത് ഡയറക്ടർ അവരുടെ വികസന ഫണ്ടിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത് ഹഡ്കോയ്ക്ക് അടവാക്കേണ്ടതാണ്.

3) മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് കുറവ് വരുത്തേണ്ടതും ടി തുക പഞ്ചായത്ത് ഡയറക്ടർ ഹഡ്കോയിൽ അടവാക്കേണ്ടതുമാണ് എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) കുടിശ്ശിക തുക അടച്ചുതീർക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വികസന ഫണ്ട്, തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ സർക്കാർ പ്രത്യേക അനുമതി നൽകുന്നതാണ്.

5) മേൽ തീരുമാനങ്ങൾ നടപ്പിൽ വരുത്തി വിവരം സർക്കാരിനെ അറിയിക്കുവാനുള്ള അവസാന തീയതി **2013 നവംബർ 30** ആയി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**

ഗവ. ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ചീഫ് ഫിനാൻസ് ഓഫീസർ, ഹഡ്കോ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
ഡയറക്ടർ, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.
സെക്രട്ടറി, കുന്ദംകുളം നഗരസഭ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്. (ഖണ്ഡിക 3-മേൽ നടപടി സ്വീകരിക്കുന്നതിനായി)

| | | | | | Sampoorna parpida padhadhi | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | Dues of each three tier panchayath till 31.03.2014 as per OTS approved | | | | | | | |
| S.No | Name of Panchayath | OTS Amt | Bal O/S | Recpt | Interest | Bal O/S | Interest | Bal O/S | Interest | Bal O/S | Interest | Bal O/S |
| | | 31.12.2010 | 31.3.'13 | till 30.6.'13 | | 30.6.'13 | 30-09-13 | 30.9.'13 | 31-12-13 | 31.12.'13 | | 31.3.'14 |
| 1 | Mattathur | 185.639 | 227.605 | 10.000 | 7.1126 | 224.717 | 7.0224 | 231.740 | 7.2419 | 238.981 | 7.4682 | 246.450 |
| 2 | Kodassery | 57.582 | 70.473 | 10.000 | 2.2023 | 62.675 | 1.9586 | 64.633 | 2.0198 | 66.653 | 2.0829 | 68.736 |
| 3 | Thrikkur | 46.097 | 59.417 | 17.456 | 1.8568 | 43.817 | 1.3693 | 45.187 | 1.4121 | 46.599 | 1.4562 | 48.055 |
| 4 | Mundathikode | 40.164 | 45.871 | 9.110 | 1.4335 | 38.194 | 1.1935 | 39.387 | 1.2308 | 40.618 | 1.2693 | 41.887 |
| 5 | Kuzhoor | 36.75 | 40.697 | 6.809 | 1.2718 | 35.159 | 1.0987 | 36.258 | 1.1331 | 37.391 | 1.1685 | 38.560 |
| 6 | Desamangalam | 19.239 | 21.847 | 10.000 | 0.6827 | 12.529 | 0.3915 | 12.921 | 0.4038 | 13.325 | 0.4164 | 13.741 |
| 7 | Puthukad | 11.282 | 14.882 | 8.830 | 0.4651 | 6.517 | 0.2036 | 6.720 | 0.2100 | 6.930 | 0.2166 | 7.147 |
| 8 | Mullassery | 7.56 | 1.929 | | 0.0603 | 1.989 | 0.0622 | 2.052 | 0.0641 | 2.116 | 0.0661 | 2.182 |
| 9 | Chazhur | 11.593 | 9.020 | 7.700 | 0.2819 | 1.601 | 0.0500 | 1.652 | 0.0516 | 1.703 | 0.0532 | 1.756 |
| 10 | Ollur | 8.81 | 3.684 | 2.299 | 0.1151 | 1.500 | 0.0469 | 1.547 | 0.0484 | 1.596 | 0.0499 | 1.646 |
| 11 | Arthat | 6.639 | 8.757 | 7.643 | 0.2737 | 1.388 | 0.0434 | 1.432 | 0.0447 | 1.476 | 0.0461 | 1.522 |
| 12 | Mullurkara | 6.413 | 7.527 | 6.533 | 0.2352 | 1.229 | 0.0384 | 1.268 | 0.0396 | 1.307 | 0.0409 | 1.348 |
| 13 | Mulankunnathukavu | 5.366 | 7.078 | 6.178 | 0.2212 | 1.121 | 0.0350 | 1.156 | 0.0361 | 1.193 | 0.0373 | 1.230 |
| 14 | Tholur | 4.323 | 5.702 | 4.977 | 0.1782 | 0.904 | 0.0282 | 0.932 | 0.0291 | 0.961 | 0.0300 | 0.991 |
| 15 | Thekkumkara | 8.412 | 6.339 | 5.684 | 0.1981 | 0.853 | 0.0267 | 0.880 | 0.0275 | 0.908 | 0.0284 | 0.936 |
| 16 | Kondazhy | 4.808 | 4.531 | 3.883 | 0.1416 | 0.789 | 0.0247 | 0.814 | 0.0254 | 0.840 | 0.0262 | 0.866 |
| 17 | Cherpu | 5.771 | 1.283 | 0.873 | 0.0401 | 0.450 | 0.0141 | 0.465 | 0.0145 | 0.479 | 0.0150 | 0.494 |
| 18 | Thalikulam | 2.096 | 2.765 | 2.413 | 0.0864 | 0.438 | 0.0137 | 0.452 | 0.0141 | 0.466 | 0.0146 | 0.481 |
| 19 | Adat | 1.883 | 2.484 | 2.168 | 0.0776 | 0.393 | 0.0123 | 0.406 | 0.0127 | 0.418 | 0.0131 | 0.432 |
| 20 | Edavilangu | 2.715 | 1.388 | 1.126 | 0.0434 | 0.305 | 0.0095 | 0.315 | 0.0098 | 0.325 | 0.0101 | 0.335 |
| 21 | Puzhakkal BP | 3.142 | 0.247 | | 0.0077 | 0.255 | 0.0080 | 0.263 | 0.0082 | 0.271 | 0.0085 | 0.280 |
| 22 | Pavaratty | 0.822 | 1.084 | 0.946 | 0.0339 | 0.172 | 0.0054 | 0.178 | 0.0055 | 0.183 | 0.0057 | 0.189 |
| 23 | Varantharapilly | 1.863 | 0.147 | | 0.0046 | 0.151 | 0.0047 | 0.156 | 0.0049 | 0.161 | 0.0050 | 0.166 |
| 24 | Pazhayannur BP | 1.795 | 0.141 | | 0.0044 | 0.146 | 0.0046 | 0.150 | 0.0047 | 0.155 | 0.0048 | 0.160 |
| 25 | Kodungallur BP | 1.75 | 0.138 | | 0.0043 | 0.142 | 0.0044 | 0.147 | 0.0046 | 0.151 | 0.0047 | 0.156 |
| 26 | Ollurkara BP | 1.706 | 0.134 | | 0.0042 | 0.139 | 0.0043 | 0.143 | 0.0045 | 0.147 | 0.0046 | 0.152 |
| 27 | Parapukara | 1.369 | 0.304 | 0.207 | 0.0095 | 0.107 | 0.0033 | 0.110 | 0.0034 | 0.114 | 0.0036 | 0.117 |
| 28 | Anthikad | 1.369 | 0.045 | | 0.0014 | 0.047 | 0.0015 | 0.048 | 0.0015 | 0.050 | 0.0016 | 0.051 |
| | | 522.000 | 546.108 | 125.443 | 17.066 | 437.731 | 13.679 | 451.410 | 14.107 | 465.517 | 14.547 | 480.064 |